**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 620

28.02.2018 ലെ മറുപടിയ്ക്ക്.

## പട്ടികജാതി വനിതകളുടെ ക്ഷേമത്തിനായുളള പദ്ധതികൾ

**ചോദ്യം**
**ശ്രീ.ഐ.ബി. സതീഷ്**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വനിതകളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വനിതകളുടെ ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. 80 ശതമാനമോ അധിലധികമോ പട്ടികജാതി വനിതകൾ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകി വരുന്നു.<br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരായ വനിതകൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി 3 ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ കെട്ടിട നിർമ്മാണം ആരംഭിച്ചു<br>3. പട്ടികജാതി വനിതകൾക്കായി അപ്പാരൽ ട്രെയിനിംഗ്, ഗാർമെന്റ് മേക്കിംഗ്, ഓർണമെന്റ് മേക്കിംഗ്, വനിതാ സെക്യൂരിറ്റി പരിശീലനം തുടങ്ങിയ വിവിധ നൈപുണ്യ വികസന തൊഴിൽദായക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നഴ്സിംഗ് ബിരുദധാരികൾക്ക് പ്രത്യേക തൊഴിൽപരിചയം നേടുവാൻ സർക്കാർ ആശുപത്രികളിൽ സൗകര്യമൊരുക്കുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പട്ടികജാതി വനിതകൾക്ക് ചെറുകിട, വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള സ്കീമുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | 80 ശതമാനമോ അതിലധികമോ പട്ടികജാതി വനിതകൾ അംഗങ്ങളായിട്ടുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്ക് അവർ ലഭ്യമാക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു. പരമാവധി 15 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള പ്രോജക്ടുളായിരിക്കും ഈ പദ്ധതിയ്ക്കായി പരിഗണിക്കുന്നത്. അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ മുതൽ മുടക്കിന്റെ 75 ശതമാനം തുക (പരമാവധി 10 ലക്ഷം രൂപ) രണ്ട് ഗഡുക്കളായി സ്വയംസഹായ സംഘങ്ങൾക്ക് ബാങ്ക് അക്കൗണ്ടിലൂടെ അനുവദിച്ചു നൽകുന്നു. 25% വരുന്ന തുക ഗുണഭോക്താക്കൾ സ്വന്തം നിലയിൽ കണ്ടെത്തുകയോ ബാങ്ക് ലോൺ മുഖേന സ്വരൂപിക്കുകയോ ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ